**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3527** **02-03-2023 - ൽ മറുപടിയ്ക്ക്**

**ഉന്നതവിദ്യാഭ്യാസ മേഖലയിലെ നേട്ടങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ. കെ.എം.സച്ചിൻദേവ്,<br>ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ വി കെ പ്രശാന്ത് | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസ മേഖലയിൽ ഈ സർക്കാർ നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ ഫലമായി കൈവരിക്കുവാൻ കഴിഞ്ഞിട്ടുള്ള നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | വിലയിരുത്തിയിട്ടുണ്ട്. വിശദാംശം അനുബന്ധം - I ആയി ചേർക്കുന്നു. |
| (ബി) | സംസ്ഥാനത്തെ സർവകലാശാലകളിലും കോളേജുകളിലും 2023 വർഷത്തെ അക്രെഡിറ്റേഷൻ നടപടികൾ തുടങ്ങിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | ഉണ്ട്. കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലെ കോളേജുകളുടെ NAAC അക്രെഡിറ്റേഷൻ പ്രവർത്തനങ്ങൾക്കായി വകുപ്പിൽ നിന്നും തുക അനുവദിച്ചു വരുന്നു. 2023 ൽ അക്രെഡിറ്റേഷനു പോകേണ്ട കോളേജുകൾ SSR തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>സർവകലാശാലാതലത്തിൽ കേരള സർവകലാശാല 2022-ൽ നാക് എ++ ഗ്രേഡ് നേടി അക്രെഡിറ്റേഷൻ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്.<br><br>മഹാത്മാഗാന്ധി സർവകലാശാലയുടെ 4th Cycle NAAC Accreditation പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നു വരുന്നു. 2023-ൽ തന്നെ ടി പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതാണ്.<br><br>മലയാള സർവകലാശാലയിൽ അക്രെഡിറ്റേഷൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്.<br><br>കൊച്ചി ശാസ്ത്രസാങ്കേതിക സർവകലാശാലയ്ക്ക് 2022-ൽ നടന്ന NAAC അക്രെഡിറ്റേഷനിൽ എ പ്ലസ് ഗ്രേഡ് ലഭിച്ചു. അടുത്ത അസസ്മെന്റ് 5 വർഷത്തിനുശേഷമാണ്. |

| | | | |
|---|---|---|---|
| | | | ദി നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസിൽ NAAC അക്രെഡിറ്റേഷനു വേണ്ടിയുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു.<br><br>സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലെ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിൽ NBA അക്രഡിറ്റേഷൻ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം-II ആയി ചേർക്കുന്നു. |
| (സി) | അക്കാദമിക് രംഗത്തെ അറിവുകൾ സമൂഹത്തിന് പ്രയോജനകരമായ നിലയിൽ വിനിയോഗിക്കുന്നതിനായി സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾക്ക് നാഷണൽ അസ്സെസ്സ്മെന്റ് ആൻഡ് അക്രഡിറ്റേഷൻ കൗൺസിൽ അഭിനന്ദനം അറിയിച്ചിരുന്നോയെന്ന് വിശദമാക്കുമോ? | (സി) | അക്കാദമിക് രംഗത്തെ അറിവുകൾ സമൂഹത്തിന് പ്രയോജനകരമായ നിലയിൽ വിനിയോഗിക്കുന്നതിനായി സർക്കാർ നടത്തുന്ന പ്രവർത്തനങ്ങളെ നാഷണൽ അസ്സെസ്സ്മെന്റ് ആൻഡ് അക്രഡിറ്റേഷൻ കൗൺസിൽ ചെയർമാൻ കൊച്ചിയിൽ വച്ചു നടന്ന പ്രിൻസിപ്പൽമാരുടേയും IQAC കോ-ഓർഡിനേറ്റർമാരുടേയും യോഗത്തിൽ വച്ച് അഭിനന്ദിച്ചിരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം - I

## സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസമേഖലയിൽ ഈ സർക്കാർ നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ ഫലമായി കൈവരിക്കാൻ കഴിഞ്ഞിട്ടുള്ള നേട്ടങ്ങൾ

### ഉന്നതവിദ്യാഭ്യാസ കൗൺസിൽ

**1.നാഷണൽ അസസ്സ്മെൻറ് & അക്രഡിറ്റേഷൻ കൗൺസിൽ (NAAC):-** സംസ്ഥാനത്ത് 13 കോളേജുകൾക്കും ഒരു സർവ്വകലാശാലയ്ക്കും നാഷണൽ അസസ്സ്മെന്റ് & അക്രഡിറ്റേഷൻ കൗൺസിലിന്റെ A++ ഗ്രേഡ് ലഭിച്ചിട്ടുണ്ട്. 23 കോളേജുകൾക്കും കോഴിക്കോട്, കാലടി, കുസാറ്റ് സർവ്വകലാശാലകൾക്കും A+ ഗ്രേഡ് ഉം ലഭിച്ചിട്ടുണ്ട്. 41 ഓളം കോളേജുകൾക്ക് നാക്-ന്റെ A ഗ്രേഡ് ലഭിച്ചിട്ടുണ്ട്.

**2.സാക്ക് (SAAC - State Assessment & Acceditation Centre):-** രാജ്യത്തെ സർവ്വകലാശാലകളുൾപ്പെടെയുള്ള ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങളുടെ അക്കാദമിക് പ്രകടനം വർഷംതോറും വിലയിരുത്തുന്ന നാഷണൽ അസസ്സ്മെന്റ് ആൻറ് അക്രഡിറ്റേഷൻ കൗൺസിൽ (NAAC)-ന്റെ മാതൃകയിൽ സംസ്ഥാനതലത്തിൽ പ്രാദേശിക വൈവിദ്ധ്യങ്ങളുടെയും പ്രത്യേകതകളുടെയും അളവുകോലുകൾകൂടി ഉൾപ്പെടുത്തി ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങളുടെ ഗുണനിലവാരം വിലയിരുത്തിക്കൊണ്ട് ഗ്രേഡിംഗ് നൽകുന്നതിനായി കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ സ്റ്റേറ്റ് അസസ്സ്മെന്റ് ആന്റ് അക്രഡിറ്റേഷൻ സെന്റർ (SAAC) പ്രവർത്തിച്ചുവരുന്നു. NAAC- ൽ വിഭാവനം ചെയ്തിട്ടുള്ള 5 core values- ന് പുറമേ, social inclusiveness (Inclusive Education), Equity and Excellence, Scientific temper, and secular outlook എന്നീ 3 core values -ന്റെ കൂടി അടിസ്ഥാനത്തിൽ, സ്ഥാപനങ്ങളെ സംസ്ഥാനാധിഷ്ഠിത മാനദണ്ഡങ്ങളുടെയും (State specific) കൂടി വിലയിരുത്തിയാണ് SAAC അസസ്സ്മെന്റും ഗ്രേഡിംഗും നൽകുന്നത്. സംസ്ഥാനത്തെ മുഴുവൻ സർവ്വകലാശാലകളും സർക്കാർ - എയ്ഡഡ് കോളേജുകളും സ്വയംഭരണ കോളേജുകളും സ്വാശ്രയ കോളേജുകളും SAAC -ന്റെ അവലോകന പരിധിയിൽ വരും. ഇതുമായി ബന്ധപ്പെട്ട് ജില്ലാ അടിസ്ഥാനത്തിൽ കോളേജുകൾക്ക് ഓറിയെന്റേഷൻ പ്രോഗ്രാമുകൾ സംഘടിപ്പിച്ചുവരുന്നു. ബിഷപ്പ് മൂർ കോളേജ്, മാവേലിക്കര, ഫറൂക്ക് ട്രെയിനിംഗ് കോളേജ്, കോഴിക്കോട്, ക്രൈസ്റ്റ് കോളേജ്, ഇരിഞ്ഞാലക്കുട എന്നീ സ്ഥാപനങ്ങൾ സാക്ക് അക്രഡിറ്റേഷൻ ('A' ഗ്രേഡ്) ലഭിച്ച സംസ്ഥാനത്തെ കോളേജുകളാണ്. മറ്റ് കോളേജുകളുടെ അസസ്സ്മെൻറ്/

അക്രഡിറ്റേഷൻ നടപടികൾക്കായുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

**3.സർവ്വകലാശാല റാങ്കിംഗും അക്രഡിറ്റേഷനും:-** 2022 ലെ NIRF റാങ്കിംഗിൽ (Ranking) സംസ്ഥാനത്തെ സർവ്വകലാശാലകളും കോളേജുകളും നില മെച്ചപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ നാല് സർവ്വകലാശാലകളും 17 കോളേജുകളും ആദ്യത്തെ 100 ൽ സ്ഥാനം പിടിച്ചിരിക്കുകയാണ്.

Delhi, Tamil Nadu എന്നീ സംസ്ഥാനങ്ങൾ കഴിഞ്ഞാൽ, NIRF list- ൽ ഉൾപ്പെട്ടിട്ടുള്ള കോളേജുകൾ കൂടുതലും കേരളത്തിൽ നിന്ന് ഉള്ളവയാണ്. കേരളത്തിന് മൂന്നാം സ്ഥാനമാണ് ഈ കാര്യത്തിൽ.

എൻ.ഐ.ആർ.എഫ് റാങ്കിങ്ങിൽ സംസ്ഥാനത്തെ സർവ്വകലാശാലകളും കോളേജുകളും മികവ് നിലനിർത്തിയിട്ടുണ്ട്.

**4.കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിം വർക്ക് (Kerala Institutional Ranking Framework (KIRF):-**സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ വസ്തുനിഷ്ഠവും സുതാര്യവുമായ രീതിയിൽ അക്കാദമിക മികവിന്റെ അടിസ്ഥാനത്തിൽ റാങ്കുചെയ്യുന്ന കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്ക് (Kerala Institutional Ranking Framework (KIRF) പ്രാവർത്തികമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**5.ഗ്രോസ് എൻറോൾമെൻറ് റേഷ്യോ (GER) വർദ്ധനവ്:-** 2030 - ഓടെ 50% ഗ്രോസ് എൻറോൾമെന്റ് റേഷ്യോ (GER) ആണ് ദേശീയ വിദ്യാഭ്യാസ നയം 2020 വിഭാവനം ചെയ്യുന്നത്. 2020-21 AISHE സർവ്വേ പ്രകാരം കേരളത്തിന്റെ ഗ്രോസ് എൻറോൾമെന്റ് റേഷ്യോ (GER) 43.2 ശതമാനമായി ഉയർന്നിട്ടുണ്ട്.

## തുഞ്ചത്ത് എഴുത്തച്ഛൻ മലയാളസർവകലാശാല

സർവകലാശാലയ്ക്ക് വേണ്ടി സ്വന്തമായി ഭൂമി അക്വസിഷൻ നടത്തിയത് ആസ്ഥാന മന്ദിരത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് പ്രാരംഭം കുറിച്ചത്, അദ്ധ്യാപക നിയമനങ്ങൾ നടത്തിയത് പുതിയ കോഴ്സുകൾ ആരംഭിക്കാൻ കഴിഞ്ഞത്, മലയാളം ക്ലാസിക്കൽ ഭാഷാമികവു കേന്ദ്രത്തിന്റെ പ്രവർത്തന സൗകര്യങ്ങൾ ആരംഭിച്ചത്, വള്ളത്തോൾ ചെയറിന്റെ ആരംഭം, സമഗ്ര മലയാള നിഘണ്ടു നിർമാണം, പുതിയ കെട്ടിടം 'എഴുത്തുപുര' സ്ഥാപിച്ചത്, ജർമ്മനിയിലെ ട്യൂബിംഗൻ സർവകലാശാലയുമായുള്ള അക്കാദമിക സഹകരണം മലയാളഭാഷയെക്കുറിച്ചുള്ള മൊഴിയഴക് എന്ന ഡോക്യുമെന്ററി നിർമ്മാണം, കളരിപ്പയറ്റിന്

അന്താരാഷ്ട്ര തലത്തിൽ അംഗീകാരം നേടുന്നതിനായി ഗൈഡ് പ്രസിദ്ധീകരണം എന്നിവ മലയാള സർവ്വകലാശാലയിൽ കൈവരിച്ച നേട്ടങ്ങളാണ്.

## കാലിക്കറ്റ് സർവകലാശാല

ഒരു നവ വൈജ്ഞാനിക സമൂഹം കെട്ടിപ്പടുക്കുന്നതിന്റെ ഭാഗമായി അക്കാദമിക പ്രവർത്തനങ്ങൾക്കൊപ്പം നൈപുണ്യ വികസനം, പരിശീലനം, വരുമാനം എന്നിവ ഉറപ്പാക്കാൻ ആധുനിക സൗകര്യങ്ങളും സ്റ്റാർട്ടപ്പുകളുമുള്ള മൈക്രോ ബിസിനസ് യൂണിറ്റുകൾ സർവ്വകലാശാലകളിൽ സ്ഥാപിക്കുന്നതിന് പദ്ധതിയുണ്ട്. സർവ്വകലാശാല ക്യാമ്പസുകളിൽ ട്രാൻസ്ലേഷൻ റിസേർച് കേന്ദ്രങ്ങളും പുതിയ പ്രൊജക്റ്റ് മോഡ് കോഴ്സുകളും തുടങ്ങുന്നതിനുമുള്ള വിഹിതം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഉന്നതവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുക എന്ന ലക്ഷ്യത്തോടെ മുഖ്യമന്ത്രിയുടെ 'നവകേരള പോസ്റ്റ് ഡോക്ടറൽ സ്കോളർഷിപ്പായി' 150 ഗവേഷണ സ്കോളർഷിപ്പുകളും, സർവകലാശാലകളിൽ പുതിയ ഹോസ്റ്റൽ മുറികളും വിദേശ വിദ്യാർത്ഥികൾക്കായി അന്താരാഷ്ട്ര ഹോസ്റ്റൽ മുറികളും ബജറ്റിൽ നിർദേശിക്കുന്നു.

## മഹാത്മാഗാന്ധി സർവ്വകലാശാല

സർവ്വകലാശാലയുടെ ഇപ്പോഴത്തെ NAAC grade: A ഗ്രേഡ്, with 3.24 Score ആണ്. കൂടാതെ സർവ്വകലാശാല 3 പ്രാവിശ്യം സംസ്ഥാനത്തെ ഏറ്റവും മികച്ച സർവ്വകലാശാലയ്ക്കുള്ള ചാൻസലേഴ്സ് അവാർഡ് കരസ്ഥമാക്കിയിട്ടുണ്ട് . 2021-ൽ MHRD-യുടെ NIRF റാങ്കിംഗിൽ ഇന്ത്യൻ സർവ്വകലാശാലകളിൽ 31- മത് സ്ഥാനവും 2021-ൽ MHRD നടത്തിയ നവീകരണത്തിലെ മികവിനുള്ള ATAL റാങ്കിംഗിൽ സർവകലാശാലക്ക് ജനറൽ (നോൺ ടെക്നിക്കൽ യൂണിവേഴ്സിറ്റി) വിഭാഗത്തിൽ മൂന്നാം സ്ഥാനവും ലഭിച്ചു. ഈ ഉന്നത ബഹുമതികൾ പരിഗണിച്ച് യു.ജി.സി സർവകലാശാലക്ക് ഖത്തറിൽ ഓഫ്ഷോർ ക്യാമ്പസ് നടത്തുവാൻ അനുമതി നൽകിയിട്ടുണ്ട്. വിദേശത്ത് ഓഫ്ഷോർ ക്യാമ്പസ് തുറക്കാനുള്ള പദവിയുള്ള ഇന്ത്യയിലെ രണ്ടാമത്തെ പൊതു സർവകലാശാലയാണിത്. മാത്രവുമല്ല യു.ജി.സി.-യുടെ അനുമതിയോടെ സർവ്വകലാശാല Full Fledged Online Degree Progamme With Global Intake -ന് തുടക്കം കുറിക്കുകയും, ഇതിലേയ്ക്ക് 2022 ൽ പ്രവേശനം നടത്തുകയും ചെയ്തു.

## കേരള സർവ്വകലാശാല

1. നൂതന കോഴ്സുകൾ ആരംഭിച്ചു
2. നൂതന ഡിപ്പാർട്ട്മെൻറുകൾ തുടങ്ങാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

കൂടാതെ കേരള സർവകലാശാലയെ മികവിന്റെ കേന്ദ്രമാക്കുന്നതിനും അതിലൂടെ അന്തർദേശീയ നിലവാരത്തിലേക്കുയർത്തുന്നതിനും വേണ്ടി കിഫ്ബി മുഖേനയുള്ള അടിസ്ഥാനസൗകര്യ വികസന പദ്ധതിയാണ് ആവിഷ്കരിച്ചിരിക്കുന്നത് ('Upgrading Kerala University into Centre of Excellence in Academics & Research through KIIFB Funding'). സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയ KSITIL മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്.

2022-23 ലെ സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ച Construction of New Women's Hostel & International Hostel through KIIFB funding (30 Crore) എന്ന പദ്ധതിയുടെ പ്രാരംഭ നടപടികളും ആരംഭിച്ചിട്ടുണ്ട്. ഇതുകൂടാതെ, Setting up of Translational Research Centre in University of Kerala through KIIFB funding (25 Crore) എന്ന പദ്ധതിയും ആരംഭിച്ചിട്ടുണ്ട്.

## കണ്ണൂർ സർവ്വകലാശാല

സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസ മേഖലയിൽ ഈ സർക്കാർ നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ ഫലമായി കണ്ണൂർ സർവ്വകലാശാല കൈവരിച്ച പ്രധാന നേട്ടങ്ങൾ താഴെകൊടുക്കുന്നു.

1. 2021 ഒക്ടോബറിൽ നടന്ന രണ്ടാം ഘട്ട അക്രഡിറ്റേഷനിൽ കണ്ണൂർ സർവ്വകലാശാലയുടെ നാക് ഗ്രേഡ് ബി-യിൽ നിന്നും ബി പ്ലസ് ആയി ഉയർന്നു.
2. 2022-ലെ NIRF (National Institutional Ranking Frame Work) റാങ്കിങ്ങിൽ കണ്ണൂർ സർവ്വകലാശാല 150-200-നുള്ളിൽ ഉൾപ്പെട്ടു.
3. 2021-ലെ ARIIA (Atal Ranking of Institutions on Innovation Achievements) റാങ്കിങ്ങിൽ കണ്ണൂർ സർവ്വകലാശാല band "PERFORMER" ആയി.
4. കണ്ണൂർ സർവ്വകലാശാല വിവിധ വിഷയങ്ങളിൽ പുതുതലമുറ കോഴ്സുകൾ (New Generation Courses) ആരംഭിച്ചിട്ടുണ്ട്.

## കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല

- NAAC റീ അക്രഡിറ്റേഷനിൽ കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയ്ക്ക് എ പ്ലസ് ഗ്രേഡ് ലഭിച്ചു. NIRF റാങ്കിങ്ങിൽ സർവ്വകലാശാലയുടെ റാങ്ക് 41 ആയി ഉയർന്നു.
- സർക്കാരിന്റെ എറുഡൈറ്റ് പദ്ധതിയുടെ ഭാഗമായി, വിദേശ സർവ്വകലാശാല കളിലെ പ്രഗത്ഭരായ അധ്യാപകരെ കൊച്ചി സർവ്വകലാശാലയിലേയ്ക്ക് ക്ഷണിക്കുകയും അവരുടെ ക്ലാസുകളുടെ പ്രയോജനം ഇവിടുത്തെ അക്കാദമിക സമൂഹത്തിന് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

- കേരളത്തിലെ പ്രമുഖ വ്യവസായ സ്ഥാപനമായ Synthite Industries - ന്റെ 20 കോടി രൂപ സഹായത്തോടെയുള്ള ഒരു ഗവേഷണകേന്ദ്രം കൊച്ചി സർവ്വകലാശാലയിൽ ആരംഭിച്ചിട്ടുണ്ട്.
- കഴിഞ്ഞ 5 വർഷത്തിലായി 113 സ്റ്റാർട്ട് അപ്പുകൾ സർവ്വകലാശാലയിൽ ആരംഭിക്കുവാൻ സാധിച്ചിട്ടുണ്ട്. ഇതുവഴി യുവജനങ്ങൾക്ക് നിരവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സർവ്വകലാശാലയ്ക്ക് സാധിച്ചിട്ടുണ്ട്.
- 2022-ൽ നടന്ന NAAC അക്രഡിറ്റേഷനിൽ കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയ്ക്ക് എ പ്ലസ് ഗ്രേഡ് ലഭിച്ചു. അടുത്ത NAAC അസസ്സ്മെൻറ് 5 വർഷത്തിനുശേഷമാണ്.

## സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്

സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസ രംഗം ദേശീയ /അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി സംസ്ഥാന സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇതിൻറെ ഭാഗമായി സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.

### 1.സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സമഗ്രവികസനം

സാങ്കേതിക വിദ്യാഭ്യാസത്തിനായി 9 എഞ്ചിനീയറിംഗ് കോളേജുകൾ, 45 പോളിടെക്നിക്ക് കോളേജുകൾ, 39 ടെക്ക്നിക്കൽ ഹൈസ്കൂളുകൾ എന്നീ സർക്കാർ സ്ഥാപനങ്ങളാണ് വകുപ്പിനുകീഴിൽ പ്രധാനമായും ഉള്ളത്. പശ്ചാത്തല സൌകര്യ വികസന പ്രവർത്തനങ്ങളായ (i) അത്യാധുനിക ക്ലാസ്സ് മുറികൾ നിർമ്മിക്കുക, (ii) ഹോസ്റ്റൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക, (iii) ലബോറട്ടറികൾക്കായി ആധുനിക ഉപകരണങ്ങൾ വാങ്ങുക, (iv) ക്യാമ്പസ് നെറ്റ് വർക്ക് സ്ഥാപിക്കുക, (v) ഫിറ്റ്നസ് സെൻറർ (vi) അക്രഡിറ്റേഷൻ ലഭിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ നടത്തുക, (vii) ഐ.സി.റ്റി പദ്ധതി, ഇ-ജേർണലുകൾ, ഡിജിറ്റൽ/ഇ-ലൈബ്രറികൾ തുടങ്ങിയ പ്രവർത്തനങ്ങൾ എന്നിവ നടത്തിവരുന്നു.സംസ്ഥാനത്തെ സങ്കേതിക വിദ്യാഭ്യാസ നിലവാരം അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്താനായി എഞ്ചിനീയറിംഗ് കോളേജുകൾക്കും പോളിടെക്നിക്ക് കോളേജുകൾക്കും NBA അക്രഡിറ്റേഷൻ നേടാനാവശ്യമായ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

**2.ഗവേഷണ/പരിശീലനപദ്ധതികൾ**

വിവിധ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിൽ സാമൂഹ്യ പ്രസക്തിയുള്ള ഗവേഷണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചുവരുന്നു. കണ്ണൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിലെ റൂറൽ ടെക്നോളജി ഡവലപ്മെൻറ് സെൻറർ, കോട്ടയം രാജീവ്ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെ റിയൂസബിൾ ബിൽഡിംഗ് സിസ്റ്റംസ്, ബാർട്ടൻഹിൽ എഞ്ചിനീയറിംഗ് കോളേജിലെ സെൻറർ ഫോർ ബാംബൂ ടെക്നോളജി, തിരുവനന്തപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിലെ ട്രാൻസ്പോർട്ടേഷൻ റിസർച്ച് സെൻറർ, തിരുവനന്തപുരം സർക്കാർ എഞ്ചിനീയറിങ് കോളേജിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന ഇലക്ട്രിക്കൽ വെഹിക്കിൾ ടെസ്റ്റിങ് ലാബ് ( Hardware in Loop Lab) എന്നിവ.

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിൽ ഇൻറർ ഡിസിപ്ലിനറി റിസർച്ച് സെന്ററുകൾ സ്ഥാപിക്കുന്നതിൻറെ ഭാഗമായി തൃശ്ശൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ റോബോട്ടിക്സ് & ആർട്ടിഫിഷ്യൽ ഇന്റലിജൻസ് നോഡൽ സെന്ററും കണ്ണൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ സെൻറർ ഫോർ എക്സലൻസ് ഇൻ സിസ്റ്റംസ്, എനർജി & എൻവയോൺമെൻറും പ്രവർത്തിച്ചു തുടങ്ങി.

സ്വകാര്യ മേഖലയുടെ പങ്കാളിത്തത്തോടെ (PPP) തിരുവനന്തപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിലും (Bosch) ബാർട്ടൻ ഹിൽ എഞ്ചിനീയറിംഗ് കോളേജിലും (Mercedes Benz) ആധുനിക സാങ്കേതിക വിദ്യയിൽ പരിശീലന പരിപാടികൾ വിജയകരമായി നടത്തിവരുന്നു.

**3. സംരംഭകത്വ വികസന പദ്ധതികൾ**

തൊഴിൽ ദാതാക്കളായ സാങ്കേതിക വിദഗ്ധരെ സൃഷ്ടിക്കുന്നതിൻറെ ഭാഗമായി വകുപ്പിന് കീഴിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ IOC (ഇൻറസ്ട്രി ഓൺ ക്യാമ്പസ്) പദ്ധതി നടപ്പിലാക്കിവരുന്നു.

സിഡ്ബിയുടെ (SIDBI) സ്വാവലംബൻ ചെയർ പദ്ധതിയുടെ രാജ്യത്തെ ആദ്യ ധന സഹായം തൃശ്ശൂർ ഗവ. എഞ്ചിനീയറിംഗ് കോളേജിന് – 1.53 കോടി രൂപയാണ് ഫണ്ട്. മൂന്ന് വർഷത്തിനകം 25 സ്റ്റാർട്ടപ്പുകൾ സാധ്യമാക്കാൻ ലക്ഷ്യമിടുന്ന പദ്ധതിയാണ്. ശ്രീകൃഷ്ണപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജും ഈ പദ്ധതിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്.

**4.വിവര സാങ്കേതിക രംഗം**

സർക്കാർ/എയ്ഡഡ് കോളേജുകളിൽ ഓപ്പൺ റിസോഴ്സ് ലേർണിംഗ് മാനേജ്മെൻറ് സിസ്റ്റം "MOODLE" നടപ്പിലാക്കി വരുന്നു. ഇതുമായി ബന്ധപ്പെട്ട് അധ്യാപകർക്ക് പരിശീലന പരിപാടികളും നൽകുന്നുണ്ട്.

**5. മറ്റു പ്രവർത്തനങ്ങൾ**

വിദ്യാർത്ഥികളുടെ സമഗ്രവികസനം ലക്ഷ്യമിട്ട് എല്ലാ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും HRD സെല്ലുകൾ രൂപീകരിച്ചിട്ടുണ്ട്. സ്ത്രീ ശാക്തികരണം ലക്ഷ്യമിട്ട് SHE (Scheme for Her Empowerment in Engineering Education) ക്ലബ്ബ് കണ്ണൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.

## അസാപ് കേരള

ഉന്നതവിദ്യാഭ്യാസവകുപ്പിന് കീഴിലെ നൈപുണ്യ വികസന കമ്പനിയായ അസാപ് പുതു തലമുറ നൈപുണ്യ കോഴ്സുകളിൽ ഇൻഡസ്ട്രികൾക്ക് ആവശ്യമായ നൈപുണ്യം മനസിലാക്കി യുവജനങ്ങൾക്ക് പരിശീലനം നൽകിവരുന്നുണ്ട്. സി.ഐ.ഐ നടത്തിയ ഇന്ത്യ സ്കിൽസ് റിപ്പോർട്ടിൽ കേരളത്തെ മൂന്നാം സ്ഥാനത്താണ്. നൈപുണ്യപരിശീലനരംഗത്തെ മികവിനുള്ള ഫിക്കിയുടെ പുരസ്കാരവും അസാപിനെ തേടിയെത്തി. പ്രൊഫഷണൽ സ്റ്റുഡന്റ്സ് സമ്മിറ്റ് വിജയകരമായി സംഘടിപ്പിക്കാനും, ഇൻഡസ്ട്രി ഓൺ ക്യാംപസ് പ്രവർത്തനങ്ങൾക്ക്, ചുക്കാൻ പിടിക്കാനും, പുത്തൻ തൊഴിൽ മേഖലകളിൽ മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കാനും അസാപ് കേരള മുഖേന സാധിച്ചു.

**1.ഇൻഡസ്ട്രി ഓൺ ക്യാംപസ് (IoC)**

പഠനത്തോടൊപ്പം വരുമാനവും (Earn While You Learn) എന്ന ആശയത്തിലൂന്നി ക്യാമ്പസുകളെ ഉൽപാദന കേന്ദ്രങ്ങളാക്കി മാറ്റുകയും വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം വരുമാനമാർഗ്ഗവും കണ്ടെത്താനും ഇന്റേൺഷിപ്പ് പൂർത്തികരിക്കാനും സാധിക്കുന്ന തരത്തിൽ അസാപിലൂടെ ഗവ. പോളിടെക്നിക്ക് കോളേജുകളിൽ നടപ്പിലാക്കുന്ന പദ്ധതിയാണ് ഇൻഡസ്ട്രി ഓൺ ക്യാമ്പസ്.

കേരളത്തിലെ 41 ഗവ. പോളിടെക്നിക്കുകളിലായി ആറര കോടി രൂപയോളം ചെലവഴിച്ച് സി.എൻ.സി വെർട്ടിക്കൽ മില്ലിംഗ് മെഷീൻ, സി.എൻ.സി ലെയ്ത്ത് , ലേസർ കട്ടർ, TIG-

MIG വെൽഡിംഗ് സ്റ്റേഷൻ, റോബോട്ടിക്സ് ലാബ് തുടങ്ങിയ ഉയർന്ന നിലവാരത്തിലുള്ള ഉപകരണങ്ങളും, ആധുനിക യന്ത്രങ്ങളും, 6 ഫാബ് ലാബുകളും അസാപ് സജ്ജമാക്കിയിട്ടുണ്ട്.

ഗവ. പോളിടെക്നിക് കോളേജുകളിൽ സ്ഥാപിതമാകുന്ന ഈ ഇൻഡസ്ട്രി ഓൺ ക്യാമ്പസുകളെ വരും വർഷങ്ങളിൽ മിനി പ്രൊഡക്ഷൻ സെന്ററുകളും, മൈക്രോ പ്രൊഡക്ഷൻ യൂണിറ്റുകളും, സ്വതന്ത്ര ഉൽപാദന കേന്ദ്രങ്ങളുമാക്കി മാറ്റുക എന്ന ഉദ്ദേശത്തോടു കൂടിയാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഈ പരിശീലനം ഭാവിയിൽ മികച്ച തൊഴിലവസരങ്ങൾ കൈവരിക്കാനും സ്വന്തമായി സംരംഭങ്ങൾ ആരംഭിക്കുവാനും വിദ്യാർത്ഥികളെ സഹായിക്കും. വരുംകാലങ്ങളിൽ ചെറുകിട-വൻകിട നിർമ്മാണകേന്ദ്രങ്ങളായി ഇവയെ മാറ്റാൻ കഴിയും. ഇൻഡസ്ട്രി ഓൺ ക്യാമ്പസിന്റെ ഉല്പാദനത്തിലൂടെ ലഭിക്കുന്ന വരുമാനത്തിന്റെ 50% വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന രീതിയിലാണ് പദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നത്.

## 2.കണക്ട് കരിയർ ടു ക്യാംപസ്

ഉന്നതവിദ്യാഭാസ സ്ഥാപനങ്ങളിൽ പഠനം നടത്തുന്ന വിദ്യാർത്ഥികളിൽ ലോകമാകമാനമുള്ള തൊഴിൽ സാഹചര്യങ്ങളിൽ വന്ന മാറ്റങ്ങളെ കുറിച്ച് അവബോധം സൃഷ്ടിക്കുകയും, അവരെ പുതിയ തൊഴിൽ സാഹചര്യങ്ങൾക്കു അനുയോജ്യമായ കഴിവുകൾ നേടി മുന്നേറാൻ സഹായിക്കുകയും ചെയുക എന്ന ലക്ഷ്യത്തോടെ അസാപ് കേരളയും, കേരള നോളേജ് എക്കണോമി മിഷനും ചേർന്ന് ആരംഭിച്ച ക്യാമ്പയിനാണ് കണക്ട് കരിയർ ടു ക്യാമ്പസ് (CCC). അക്കാദമികരംഗത്തെയും തൊഴിൽ മേഖലയെയും ബന്ധിപ്പിക്കുക എന്ന ശ്രമകരമായ ദൗത്യം നടപ്പിലാക്കുന്നതിന് എല്ലാ സർക്കാർ-സർക്കാരിതര സംവിധാനങ്ങളെയും കോർത്തിണക്കിയുള്ള വിപുലമായ പ്രവർത്തനങ്ങളാണ് ഈ ക്യാമ്പയിന്റെ ഭാഗമായി നടക്കുന്നത്.

പഠനത്തോടൊപ്പം വ്യാവസായിക-തൊഴിൽമേഖലകളിലെ അവസരങ്ങളും ആവശ്യങ്ങളും മനസിലാക്കി വിദ്യാർഥി സമൂഹത്തെ തൊഴിൽ സജ്ജരാക്കുന്നതിനായി ക്യാമ്പസുകളെ തൊഴിലിടങ്ങളാക്കുന്ന 'ഇൻഡസ്ട്രി ഓൺ ക്യാമ്പസ്', ഇന്റേൺഷിപ്, അപ്രന്റിസ്ഷിപ് പോലുള്ള പരിപാടികൾ ഇതിന്റെ ഭാഗമാണ്. ഉന്നതവിദ്യാഭ്യാസവകുപ്പിന്റെയും തൊഴിൽവകുപ്പിന്റെയും സഹകരണത്തോടെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഐ.ടി.ഐകൾ, മറ്റ് നൈപുണ്യ പരിശീലന സ്ഥാപനങ്ങൾ എന്നിവയാണ് ഈ ക്യാമ്പയിനിൽ പങ്കാളികളാകുന്നത്.

വിദ്യാഭ്യാസ മേഖലയും, വ്യാവസായിക ലോകവും തമ്മിലുള്ള അന്തരം നികത്തുന്നതിനും അതുവഴി പരമാവധി തൊഴിൽ ഉറപ്പാക്കുന്നതിനുമായി നവലോക വിജ്ഞാന

തൊഴിലുകളിൽ യോഗ്യതയുള്ള വിദഗ്ധരായ അപേക്ഷകരേയും ലോകത്തെമ്പാടുമുള്ള തൊഴിൽ സ്ഥാപനങ്ങളേയും തൊഴിൽദാതാക്കളേയും ഒരൊറ്റ പ്ലാറ്റ്ഫോമിൽ കൊണ്ടുവരാൻ ഈ ക്യാമ്പയിൻ ശ്രമിക്കുന്നു.

തൊഴിൽമേഖലയിലേക്കാവശ്യമായ മാനുഷിക വിഭവത്തിന്റെ ലഭ്യതയും ആവശ്യവും വിതരണവും കൈകാര്യം ചെയ്യുന്ന, തൊഴിൽ അന്വേഷകരെയും, തൊഴിൽദാതാക്കളെയും, നൈപുണ്യ വികസന സ്ഥാപനങ്ങളെയും ഒരുമിച്ച് ഒരു പ്ലാറ്റ്ഫോമിൽ കൊണ്ടുവരുന്ന 'പ്ലാറ്റ്ഫോം ഓഫ് പ്ലാറ്റ്ഫോംസ്' ആയി രൂപകൽപന ചെയ്തിരിക്കുന്ന ഡി.ഡബ്ല്യു.എം.എസ്. കണക്ട്" മൊബൈൽ ആപ്പിന്റെ ഉദ്ഘാടനം തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി നിർവഹിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം - II

**സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലെ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിൽ NBA അക്രഡിറ്റേഷൻ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.**

| SL No. | Name of Institutions | The courses which got the NBA Accreditation during the academic year 2023 -2024. | The courses for which the NBA Accreditation process has started for the academic year 2023 -2024 |
|---|---|---|---|
| 1 | GEC Sreekrishnapuram | B.Tech. in CSE, B.Tech. in ECE, B.Tech. in ME | 1. B.Tech. in IT |
| | | These three programs are NBA accredited till 30/6/2025 | |
| 2 | NSS College of Engg. Palakkad | B.Tech.-Civil, Mechanical, Electrical & Electronics, Electronics & Communication, Instrumentation & Control, Computer Science | Nil |
| 3 | GEC Idukki | Nil | 1. B.Tech. Electrical & Electronics Engineering |
| | | | 2. B.Tech. Electronics & Communication Engineering |
| | | | 3. B.Tech. Information Technology |
| | | | 4. B.Tech. Mechanical Engineering |
| 4 | TKM College of Engg., Kollam | Electrical & Electronics Engg, Electronics & Communication Engg., Computer Science & Engg., and Chemical Engg. Civil Engg. and Mechanical Engg. | Civil Engg. and Mechanical Engg. |
| 5 | GEC Bartonhill, Tvm. | Civil Engg., Mechanical Engg., Electrical and Electronics Engg., and Electronics and Communication Engg. | B.Tech. in IT |

| | | | |
|---|---|---|---|
| 6 | RIT, Kottayam | B.Tech. in Electrical and Electronics Engg. | Nil |
| | | B.Tech. in Electronics and Communication ECE | |
| | | B.Tech. Mechanical Engineering | |
| | | B.Tech. in Computer Science Engineering | |
| | | B.Tech. Civil Engineering | |
| 7 | GEC Kozhikode | 1. B. Tech in Electronics and Communication Engineering (UG) | B. Tech in Applied Electronics and Instrumentation |
| | | 2. Computer aided Process design - Chemical Engineering (PG) | Civil Engineering, Mechanical Engineering, Chemical Engineering |
| | | 3. Energy System Analysis and Design - Mechanical Engineering (PG) | |
| 8 | MA College of Engg., Kothamangalam | Computer Science Engineering ,Electrical and Electronics Engg, Mechanical Engineering | Nil |

സെക്ഷൻ ഓഫീസർ